**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **08-08-2023 - ൽ മറുപടിയ്ക്ക്**

**കേൾവി പരിമിതിയുള്ള കുട്ടികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേൾവി പരിമിതിയുള്ള കുട്ടികൾക്ക് ശ്രവണ സഹായി നൽകുന്നതിനു 'ശ്രുതിതരംഗം', 'ധ്വനി' എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് കേൾവി പരിമിതിയുള്ള കുട്ടികൾക്ക് ശ്രവണ സഹായി നൽകുന്നതിനു 'ശ്രുതിതരംഗം', 'ധ്വനി' എന്നീ പേരുകളിൽപദ്ധതികൾ നിലവിലുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതികൾ വഴി എത്ര കുട്ടികൾക്ക് ശ്രവണ സഹായി നൽകിയിട്ടുണ്ട്; അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (ബി) | പ്രസ്തുത പദ്ധതികൾ വഴി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 1544 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് (ഇംപ്ലാന്റ് സർജറി : 1372, ധ്വനി പദ്ധതി : 172) ഇതിലേക്കായി 8027.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രോസസ്സർ അപ്ഗ്രഡേഷൻ ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും , സ. ഉ (സാധാ) 1821 /2023 /ആ.കു.വ ഉത്തരവ് പ്രകാരം അവയ്ക്കുള്ള ധന സഹായമായി 59,47,500/- രൂപ KSSM ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉപകരണങ്ങളുടെ കാലാവധി കഴിഞ്ഞതുമൂലം കുട്ടികളുടെ പഠനത്തേയും ജീവിത സാഹചര്യങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ മാസങ്ങളായി തുടരുന്നു എന്ന മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തിരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. പദ്ധതിയോടനുബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ലഭിച്ച 52 അപേക്ഷകൾ പദ്ധതിയുടെ സംസ്ഥാനതല ടെക്നിക്കൽ കമ്മറ്റി പരിശോധിച്ച് സർജറിക്കായുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇംപ്ലാന്റുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ടെൻഡർ നടപടികൾക്കായി KMSCL -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രോസസ്സർ അപ്ഗ്രഡേഷൻ ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും , സ. ഉ (സാധാ) 1821 /2023 /ആ.കു.വ ഉത്തരവ് പ്രകാരം അവയ്ക്കുള്ള ധന സഹായമായി 59,47,500/- രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 'ശ്രുതി തരംഗം' പദ്ധതിയിൽ സഹായം ലഭിച്ചിരുന്ന കുട്ടികളുടെ തുടർ സഹായത്തിനായുള്ള അപേക്ഷകളിൽ ത്വരിത നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ഡി) | 'ശ്രുതി തരംഗം' പദ്ധതിയിൽ സഹായം ലഭിച്ചിരുന്ന കുട്ടികളുടെ തുടർ സഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്താകെ കേൾവി പരിമിതിയുള്ള കുട്ടികളെ ജില്ലാ തലത്തിൽ സർവെ നടത്തി കണ്ടെത്തി അത്തരക്കാരെ എല്ലാവരേയും ഈ പദ്ധതിയിലൂടെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രവണ വൈകല്യമുള്ള തദ്ദേശീയരായ കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സംസ്ഥാനത്ത് പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്ന അപേക്ഷകളിൽ പദ്ധതിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് കുട്ടികളുടെ ചികിത്സ സേവനങ്ങൾ ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ